# GOVERNMENT OF KERALA

## GENERAL EDUCATION DEPARTMENT

ARABIC TEACHERS

EXAMINATION

APRIL 2012

# NOTIFICATION

OFFICE OF THE COMMISSIONER
FOR GOVERNMENT EXAMINATIONS
PAREEKSHABHAVAN, POOJAPPURA,
THIRUVANANTHAPURAM

നമ്പർ. ഇ.എക്സ്.എച്ച്1/16711/12/സി.ജി.ഇ

പരീക്ഷാകമ്മീഷണറുടെ കാര്യാലയം
പരീക്ഷാ ഭവൻ, പൂജപ്പുര
തിരുവനന്തപുരം-12
തീയതി 14/03/2012

## വിജ്ഞാപനം

## അറബിക് അദ്ധ്യാപക പരീക്ഷ - ഏപ്രിൽ 2012

മുൻ വർഷങ്ങളിൽ അറബിക് അദ്ധ്യാപക പരീക്ഷ എഴുതി വിജയിക്കാൻ കഴിയാത്തവർക്കായി 2012 വർഷം താഴെ പറയുന്ന കേന്ദ്രങ്ങളിൽ വച്ച് പ്രസ്തുത പരീക്ഷ നടത്തുന്നതാണ്.

1) ഗവൺമെന്റ് ടി.ടി.ഐ മണക്കാട്, തിരുവനന്തപുരം
2) ഗവൺമെന്റ് ടി.ടി.ഐ കൊല്ലം
3) ഗവൺമെന്റ് ടി.ടി.ഐ മലപ്പുറം

1) മുഴുവൻ പരീക്ഷയ്ക്ക് 50/- രൂ യും ഒരു പാർട്ടിന് 30/- രൂ യുമാണ് ഫീസ്.
2) പരീക്ഷാ ഫീസ് സംസ്ഥാനത്തുള്ള ഏതെങ്കിലും ട്രഷറിയിൽ ഒടുക്കി അസൽ ചെലാൻഅപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
3) പരീക്ഷാ ഫീസ് 0202-01-102-99 പരീക്ഷ ഫീസ് എന്ന ഹെഡ്ഡിലാണ് ഒടുക്കേണ്ടത്.
4) പരീക്ഷാ ഫീസ് പിഴകൂടാതെ 22/03/2012 വരെയും 10/-രൂ പിഴയോടെ 24/03/2012 വരെയും ഒടുക്കാവുന്നതാണ്
5) പൂരിപ്പിച്ച അപേക്ഷയും ഉള്ളടക്കവും 24/03/2012 ന് മുമ്പായി പരീക്ഷാ കേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടിന് സമർപ്പിക്കേണ്ടതാണ്.
6) പിന്നോക്ക സമുദായത്തിലോ അവശ സമുദായത്തിലോ മറ്റേതെങ്കിലും വിഭാഗത്തിൽപ്പെട്ടവർക്കോ ഫീസ് സൗജന്യം ഉണ്ടായിരിക്കുന്നതല്ല.
7) അപേക്ഷയിൽ അപേക്ഷകന്റെ പേരും മേൽ വിലാസവും വ്യക്തമായും പൂർണ്ണമായും എഴുതേണ്ടതാണ്. കൈവശമുള്ള സർട്ടിഫിക്കറ്റിന്റെ പേര് അതേ രൂ ത്തിൽ വലിയ അക്ഷരത്തിൽ ഇംഗ്ലീഷിലും മലയാളത്തിലും എഴുതേണ്ടതാണ്.
8) സെന്റർ ചീഫ് സൂപ്രണ്ടുമാർ ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് ബി ലിസ്റ്റുകൾ തയ്യാറാക്കി ലഭിച്ചിട്ടുള്ള അപേക്ഷയോടൊപ്പം 29/03/2012 ന് മുൻപായി ലഭിക്കത്തക്കവിധം

രജിസ്റ്റേർഡ് പാഴ്സൽ ആയി പരീക്ഷ കമ്മീഷണറുടെ **സെക്രട്ടറി, പരീക്ഷാകമ്മീഷണറുടെ കാര്യാലയം, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം-12** എന്ന വിലാസത്തിൽ അയക്കേണ്ടതാണ്. അപേക്ഷ അയക്കുന്ന കവറിന്റെ മുകളിൽ അറബിക് അദ്ധ്യാപക പരീക്ഷ 2012 എന്ന് വ്യക്തമായി എഴുതേണ്ടതാണ്.

9) പാസ്പോർട്ട് വലിപ്പത്തിലുള്ള രണ്ട് ഫോട്ടോകളിൽ ഒന്ന് അഡ്മിഷൻ ടിക്കറ്റിലും മറ്റൊന്ന് ഐഡന്റിറ്റി സർട്ടിഫിക്കറ്റിലും ഒട്ടിക്കേണ്ടതാണ്. ഫോട്ടോകൾ ആറ് മാസത്തിനകം എടുത്തതും, അഡ്മിഷൻ ടിക്കറ്റിലും ഐഡന്റിറ്റി സർട്ടിഫിക്കറ്റിലും നിശ്ചിത സ്ഥാനത്ത് ഒട്ടിയ്ക്കേണ്ടതുമാണ്. സാക്ഷ്യപ്പെടുത്തുന്ന ആഫീസറുടെയോ അഫീസിന്റെയോ സീൽ ഫോട്ടോയിൽ പതിയരുത്. ഫോട്ടോയിൽ സാക്ഷ്യപ്പെടുത്തുന്ന അഫീസറുടെ ഒപ്പ് മാത്രമേ പാടുള്ളൂ.

10) പരീക്ഷാർത്ഥിയുടെ ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ്, അഡ്മിഷൻ ടിക്കറ്റ് ഇവയുടെ മാതൃകകൾ അനുബന്ധം - 2 ആയി ചേർത്തിട്ടുണ്ട്.

11) പരീക്ഷ നടത്തുന്ന കേന്ദ്രത്തിലെ ഹെഡ്മാസ്റ്റർ പരീക്ഷയുടെ ചീഫ് സൂപ്രണ്ടായിരിക്കും.

## <u>പരീക്ഷയെ സംബന്ധിക്കുന്ന പൊതു നിർദ്ദേശങ്ങൾ</u>

1) പരീക്ഷാർത്ഥികൾക്കുള്ള അഡ്മിഷൻ ടിക്കറ്റുകൾ അതാതു പരീക്ഷാ കേന്ദ്രങ്ങളിലെ ചീഫ് സൂപ്രണ്ട് നേരിട്ട് വിതരണം ചെയ്യുന്നതാണ്. പരീക്ഷാർത്ഥികൾ പരീക്ഷാ കേന്ദ്രത്തിൽ നേരിട്ട് ഹാജരായി അഡ്മിഷൻ ടിക്കറ്റ് കൈപ്പറ്റേണ്ടതാണ്. പരീക്ഷ തുടങ്ങുന്നതിന് മൂന്നു ദിവസത്തിന് മുൻപ് ചീഫ് സൂപ്രണ്ടിൽ നിന്നും അഡ്മിഷൻ വാങ്ങേണ്ടതാണ്. പരീക്ഷയെഴുതുന്ന സമയത്ത് അഡ്മിഷൻ ടിക്കറ്റ് പരീക്ഷാർത്ഥിയുടെ പക്കൽ ഉണ്ടായിരിക്കേണ്ടതും ചീഫ് സൂപ്രണ്ടോ, അസിസ്റ്റന്റ് സൂപ്രണ്ടോ പരീക്ഷയുമായി ബന്ധപ്പെട്ട മറ്റ് അധികാരികളോ ആവശ്യപ്പെടുമ്പോൾ കാണിക്കേണ്ടതുമാകുന്നു. അഡ്മിഷൻ ടിക്കറ്റ് കൈവശം ഇല്ലാത്ത പരീക്ഷാർത്ഥികളെ പരീക്ഷയ്ക്ക് പ്രവേശിപ്പിക്കുന്നതല്ല. പരീക്ഷാഫലം പ്രസിദ്ധീകരിച്ച് സർട്ടിഫിക്കറ്റുകൾ വാങ്ങുന്നതുവരെ അഡ്മിഷൻ ടിക്കറ്റ് അവരവർതന്നെ സൂക്ഷിക്കേണ്ടതുമാണ്. അഡ്മിഷൻ ടിക്കറ്റ് നഷ്ടപ്പെട്ടു പോയാൽ പരീക്ഷാർത്ഥി പരീക്ഷാ കമ്മീഷണറുടെ ആഫീസിലേയ്ക്ക് അപേക്ഷിക്കേണ്ടതാണ്. തൃപ്തികരമായ കാരണങ്ങളിൽ പരീക്ഷാ കമ്മീഷണർക്ക് ബോദ്ധ്യമാകുന്ന പക്ഷം ഡ്യൂപ്ലിക്കേറ്റ് അഡ്മിഷൻ ടിക്കറ്റുകൾ നൽകുന്നതാണ്. ഇതിനുവേണ്ടി രൂ 10/- (പത്ത് രൂ ) “0202-01-102-92 അദർ റെസീറ്റ്സ്” എന്ന ഹെഡ്ഡിൽ ട്രഷറിയിൽ അടച്ച് ചെലാൻ രസീത് സഹിതം അപേക്ഷിക്കേണ്ടതാണ്. പാസ്പോർട്ട് സൈസ് ഫോട്ടോ പതിച്ചു സാക്ഷ്യപ്പെടുത്തിയ അഡ്മിഷൻ ടിക്കറ്റിന്റെ ഫാറവും ഈ അപേക്ഷയോടൊന്നിച്ച് ഹാജരാക്കണം.

2) പകർച്ച വ്യാധികൾ ഉള്ളവരെ പരീക്ഷയ്ക്ക് പ്രവേശിപ്പിക്കുന്നതല്ല.

3) പരീക്ഷാർത്ഥികൾക്കാവശ്യമുള്ള പേന, പെൻസിൽ, മഷി മുതലായവ അവരവർ തന്നെ കൊണ്ടു വരേണ്ടതാണ്.

4) നിശ്ചിത സമയത്തിന് 10 മിനിറ്റിന് മുൻപുതന്നെ പരീക്ഷാർത്ഥികൾ പരീക്ഷാഹാളിൽ അവരവരുടെ സ്ഥാനങ്ങളിൽ ഉണ്ടായിരിക്കേണ്ടതാണ്. പരീക്ഷ തുടങ്ങി അരമണിക്കൂർ കഴിഞ്ഞു വരുന്നവരെ പരീക്ഷയ്ക്ക് പ്രവേശിപ്പിക്കുന്നതല്ല.

5) ഉത്തരക്കടലാസ് തിരിച്ചേൽപ്പിക്കാതെ ആരെയും തന്നെ പരീക്ഷാ ഹാൾ വിട്ട് പുറത്തുപോകാൻ അനുവദിക്കുന്നതല്ല.

6) ഒരിക്കൽ പുറത്തുപോയ പരീക്ഷാർത്ഥിയെ വീണ്ടും പരീക്ഷാഹാളിൽ പ്രവേശീപ്പിക്കുന്നതല്ല

7) പരീക്ഷാ ഹാളിൽ പൂർണ്ണ നിശബ്ദത പാലിക്കേണ്ടതാണ്.

8) ബുക്കുകളുടെ ഭാഗങ്ങൾ, എന്തെങ്കിലും എഴുതിയ പേപ്പർ, ഇവയാതൊന്നും തന്നെ പരീക്ഷാഹാളിൽ കൊണ്ടു വരാൻ പാടില്ലാത്തതാകുന്നു. ഈ നിയമം ലംഘിക്കുന്നവരെയും മറ്റ് പരീക്ഷാർത്ഥിയുടെ ഉത്തരക്കടലാസിൽ നിന്നും പകർത്തി എഴുതുവാൻ ശ്രമിക്കുന്നവരെയും അപമര്യാദയായി പെരുമാറുന്നവരെയും പരീക്ഷാ ഹാളിൽ നിന്നും അപ്പോൾ തന്നെ പുറത്താക്കുന്നതും അവരുടെ പേരിൽ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതുമാണ്.

9) ചോദ്യക്കടലാസിൽ പരീക്ഷാർത്ഥികളുടെ രജിസ്റ്റർ നമ്പർ ഒഴികെ യാതൊന്നും തന്നെ എഴുതുവാൻ പാടുള്ളതല്ല.

10) പരീക്ഷാർത്ഥികൾക്ക് നൽകുന്ന ഉത്തരക്കടലാസിന്റെ രണ്ട് വശത്തും എഴുതാവുന്നതാണ്. ഇത് സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ പരീക്ഷാ ഹാളിൽ നൽകുന്നതായിരിക്കും

11) പരീക്ഷ എഴുതികഴിഞ്ഞ് ഉത്തരക്കടലാസുകൾ അസിസ്റ്റന്റ് സൂപ്രണ്ടിനെ ഏൽപ്പിക്കുന്നതിനായി പരീക്ഷാ ഹാളിലുള്ള പരീക്ഷാർത്ഥികൾ അവരവരുടെ സ്ഥാനങ്ങളിൽ എഴുന്നേറ്റു നിൽക്കേണ്ടതാണ്. അസിസ്റ്റന്റ് സൂപ്രണ്ട് അവരിൽ നിന്നും ഉത്തരക്കടലാസ് വാങ്ങുന്നതായിരിക്കും

12) ഉത്തരക്കടലാസുകൾ അതിന്റെ ഇടതുവശത്ത് മുകൾ വശത്തായി തുന്നിക്കെട്ടിയിരിക്കണം.

13) പരീക്ഷാർത്ഥിയുടെ പേരോ പരീക്ഷാകേന്ദ്രത്തിന്റെ പേരോ യാതൊരു കാരണവശാലും ഉത്തരക്കടലാസിൽ എഴുതുവാൻ പാടുള്ളതല്ല.

14) ചീഫ് സൂപ്രണ്ടിനോടും അസിസ്റ്റന്റ് സൂപ്രണ്ടിനോടും പരീക്ഷയുമായി ബന്ധപ്പെട്ട മറ്റ് അധികാരികളോടും അപമര്യാദയായി പെരുമാറുന്നവരെയും ക്രമക്കേടുകൾ കാണ ിക്കുന്നവരെയും പരീക്ഷാ ഹാളിൽ നിന്നും പുറത്താക്കുന്നതും അവരെ തുടർന്നുള്ള പരീക്ഷ എഴുതുവാൻ അനുവദിക്കാത്തതുമാണ്. മറ്റ് പരീക്ഷാർത്ഥികളിൽ നിന്നും പകർത്തി എഴുതുവാൻ ശ്രമിക്കുന്നതും പകർത്തി എഴുതുന്നതിന് മറ്റുള്ളവർക്ക് സൗകര്യം ചെയ്തു കൊടുക്കുന്നരും മറ്റുള്ളവരുമായി സംസാരിക്കുന്നതും എഴുതിയതോ അച്ചടിച്ചതോ ആയ കടലാസുകൾ കൈവശം വയ്ക്കുന്നതും ക്രമക്കേടായി കണക്കാക്കുന്നതാണ്.

15) പരീക്ഷാ ഹാളിൽ വച്ചോ പരീക്ഷ നടക്കുന്ന സെന്ററിന്റെ പരിസരങ്ങളിൽ വച്ചോ പരീക്ഷയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരോട് അപമര്യാദയായി പെരുമാറുന്നവരെയും ചീഫ് സൂപ്രണ്ടിന് പരീക്ഷയിൽ നിന്നും പുറത്താക്കാവുന്നതാണ്.

16) പരീക്ഷയിൽ ക്രമക്കേടുകൾ കാണിക്കുന്നവരുടെയും അപമര്യാദയായി പെരുമാറുന്നവരുടേയും പരീക്ഷാർത്ഥിത്വം റദ്ദു ചെയ്യുന്നതും അവരെ അവർ ചെയ്ത തെറ്റിന്റെ ഗൗരവം അനുസരിച്ച് ഈ ബോർഡ് നടത്തുന്ന പൊതു പരീക്ഷകൾക്ക് ചേരുന്നതിൽ നിന്നും സ്ഥിരമായോ ഒരു നിശ്ചിത കാലയളവിലോ നിരോധിക്കുന്നതും ആകുന്നു.

17) ഈ വിജ്ഞാപന പ്രകാരം പരീക്ഷയ്ക്ക് ചേർന്നിട്ടുള്ള എല്ലാ പരീക്ഷാർത്ഥികളും പരീക്ഷയെ സംബന്ധിച്ച് നിലവിലുള്ളതും ഈ വിജ്ഞാപനത്തിനുശേഷം പുറപ്പെടുവിക്കുന്നതുമായ എല്ലാ നിയമങ്ങളും അനുസരിക്കാൻ ബാദ്ധ്യസ്ഥരാണെന്നുള്ള ഒരു ഉറപ്പ് പരീക്ഷാ കമ്മീഷണർക്ക് നൽകിയിട്ടുള്ളതായി കണക്കാക്കാവുന്നതാണ്.

18) പരീക്ഷയിൽ വിജയിക്കുന്നവരുടെ രജിസ്റ്റർ നമ്പരുകൾ എല്ലാ പരീക്ഷാ കേന്ദ്രങ്ങളിലും പരീക്ഷാ കമ്മീഷണറുടെ ആഫീസിലും പ്രസിദ്ധീകരിക്കുന്നതാണ്.

19) ഉത്തരക്കടലാസിന്റെ സൂക്ഷ്മ പരിശോധനയ്ക്കുള്ള അപേക്ഷകൾ പരീക്ഷാഫലം പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം ലഭിക്കേണ്ടതാണ്. ഒരു പേപ്പറിന് 25/- രൂ യാണ് സൂക്ഷ്മ പരിശോധനയ്ക്ക് നിശ്ചയിച്ചിട്ടുള്ള ഫീസ്. പ്രസ്തുത ഫീസ് “0202-01-102-92 അദർ റെസീറ്റ്സ്” എന്ന ഹെഡിൽ ഒടുക്കേണ്ടതാണ്. ഉത്തരക്കടലാസുകൾ ഒരു കാരണ വശാലും രണ്ടാമത് മൂല്യനിർണ്ണയം ചെയ്യുന്നതല്ല.

## പരീക്ഷയുമായി ബന്ധപ്പെട്ട പ്രധാന കാര്യങ്ങളും തീയതികളും

1) ഫൈൻ കൂടാതെ ട്രഷറിയിൽ ഫീസ് അടയ്ക്കേണ്ട അവസാന തീയതി - 22/03/2012
   10/രൂ ഫൈനോടുകൂടി ഫീസടയ്ക്കേണ്ട അവസാന തീയതി - 24/03/2012.

2) പരീക്ഷാർത്ഥികൾ പരീക്ഷാകേന്ദ്രങ്ങളിൽ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീതയി 24/03/2012.

3) സെന്റർ ചീഫ് സൂപ്രണ്ടുമാർ ബി ലിസ്റ്റുകൾ തയ്യാറാക്കി ലഭിച്ചിട്ടുള്ള അപേക്ഷയോടൊപ്പം പരീക്ഷാ കമ്മീഷണറാഫീസിൽ സമർപ്പിക്കേണ്ട അവസാന തീയതി -29/03/2012

4) പരീക്ഷാ ഫീസ് എ) എല്ലാ ഗ്രൂപ്പിനും രൂ. 50/-
   ബി) ഒരു പാർട്ടിന് രൂ. 30/-

5) പരീക്ഷാ ഫീസും ഫൈനും ട്രഷറിയിൽ അടയ്ക്കുന്നതിനുള്ള അക്കൗണ്ട് ഹെഡ് 0202-01-102-99 എക്സാമിനേഷൻ ഫീസ്.

6) ഉത്തരക്കടലാസ് പരിശോധിക്കുന്നതിനു (സ്ക്രൂട്ടിനി) വേണ്ടി അപേക്ഷിയ്ക്കേണ്ട തീയതി പരീക്ഷാഫലം പ്രസിദ്ധീകരിച്ച് 15 ദിവസത്തിനുള്ളിൽ.

7) ഉത്തരക്കടലാസ് പരിശോധിക്കുന്നതിനുള്ള ഫീസ് അടയ്ക്കേണ്ട ഹെഡ് "0202-01-102-92 അദർ റെസിറ്റ്സ്"

## അനുബന്ധം - 1

## അറബിക് അദ്ധ്യാപക പരീക്ഷ - ഏപ്രിൽ 2012

## പ്രവേശനത്തിനുള്ള അപേക്ഷ

1. പരീക്ഷാ കേന്ദ്രത്തിന്റെ പേരും സ്ഥലവും :
2. പരീക്ഷാർത്ഥിയുടെ പേര്

    എ) മലയാളത്തിൽ :
    ബി) ഇംഗ്ലീഷിൽ വലിയ അക്ഷരത്തിൽ
    (എസ്.എസ്.എൽ.സി ബുക്കിലേതുപോലെ) :
3. ശരിയായ പോസ്റ്റൽ വിലാസവും

    ഫോൺ നമ്പരും

4. പരീക്ഷ എഴുതുന്ന വിഷയം

| ക്രമ നമ്പർ | വിഷയം |
|---|---|
| | |
| | |
| | |
| | |
| | |
| | |

5. മുൻ വർഷങ്ങളിൽ അറബിക് അദ്ധ്യാപക പരീക്ഷ എഴുതിയതിന്റെ വിശദവിവരങ്ങൾ

| മുൻപ് പരീക്ഷ എഴുതിയത് | | | വിജയിച്ച പേപ്പറുകൾ * | | |
|---|---|---|---|---|---|
| ക്രമ നമ്പർ | മാസവും വർഷവും | രജിസ്റ്റർ നമ്പർ | ക്രമ നമ്പർ | വിഷയം | രജിസ്റ്റർ നമ്പർ മാസവും വർഷവും |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |

*സർട്ടിഫിക്കറ്റിന്റെ അസ്സൽ പകർപ്പുകൾ തെളിവിലേയ്ക്കായി സമർപ്പിയ്ക്കണം

6. അടച്ച ഫീസ്, ചെലാൻ നമ്പർ
    തീയതി, സ്ഥലം

സ്ഥലം
തീയതി

അപേക്ഷകന്റെ ഒപ്പ്

# അനുബന്ധം - 2
## അറബിക് അദ്ധ്യാപക പരീക്ഷ - ഏപ്രിൽ 2012
## ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ്

രജിസ്റ്റർ നമ്പർ :

പരീക്ഷാർത്ഥിയുടെ പേര് :

ജനന തീയതി :

ഫോട്ടോ അറ്റസ്റ്റ് ചെയ്യുന്ന
ഉദ്യോഗസ്ഥന്റെ പേരും
മേൽവിലാസവും ആഫീസ് മുദ്രയും

(ഉദ്യോഗസ്ഥൻ ഫോട്ടോയിൽ ഒപ്പിടേണ്ടതാണ്)

പരീക്ഷാർത്ഥിയുടെ ഒപ്പ്

അറ്റസ്റ്റ് ചെയ്യുന്ന ഉദ്യോഗസ്ഥന്റെ
മുന്നിൽ വച്ചിടണം

ഫോട്ടോയിൽ സീൽ പതിയരുത്
ഓഫീസ് മുദ്ര

സ്ഥലം:
തീയതി:

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

## അറബിക് അദ്ധ്യാപക പരീക്ഷ - ഏപ്രിൽ 2012
## അഡ്മിഷൻ ടിക്കറ്റ്

- പരീക്ഷാ കേന്ദ്രത്തിന്റെ പേരും
- മേൽ വിലാസവും ;
- പരീക്ഷാർത്ഥിയുടെ പേര് :
- ജനന തീയതി :
- എഴുതുന്ന പാർട്ട്/പാർട്ടുകൾ :
- ഫോട്ടോഗ്രാഫ് അറ്റസ്റ്റ് ചെയ്യുന്ന ഉദ്യോഗസ്ഥന്റെ പേരും ഔദ്യോഗിക വിലാസവും ഓഫീസ് മുദ്രയും :

(ഉദ്യോഗസ്ഥൻ ഫോട്ടോയിൽ ഒപ്പിടേണ്ടതാണ്)
ഫോട്ടോയിൽ സീൽ പതിയരുത്

- പരീക്ഷാർത്ഥിയുടെ ഒപ്പ്
(ഉദ്യോഗസ്ഥന്റെ മുന്നിൽ വച്ചിടണം) :

ഓഫീസ് ഉപയോഗത്തിന്
- രജിസ്റ്റർ നമ്പർ

സ്ഥലം :
തീയതി

(ചീഫ് സൂപ്രണ്ടിന്റെ ഒപ്പും സീലും)

# ടൈംടേബിൾ

| തീയതി | ദിവസം | സമയം | വിഷയം |
|---|---|---|---|
| 16/04/2012 | തിങ്കൾ | 10 മുതൽ 12.30 വരെ | Paper I Prose |
| 17/04/2012 | ചൊവ്വ | 10 മുതൽ 12.30 വരെ | Paper II Poetry |
| 18/04/2012 | ബുധൻ | 10 മുതർ 12.30 വരെ | Paper III Grammar and Rectories |
| 19/04/2012 | വ്യാഴം | 10 മുതൽ 12.30 വരെ | Paper IV History of Islam and History Arabic Languages and Literature |
| 20/04/2012 | വെള്ളി | 10 മുതൽ 12.30 വരെ | Paper V Translation and Composition |
| 23/04/2012 | തിങ്കൾ | 10 മുതൽ 12.30 വരെ | Paper VI Additional Language |

**കുറിപ്പ്**

മേൽ കാണിച്ച സമയ വിവര പട്ടിക പ്രസിദ്ധീകരിച്ചതിനുശേഷം ഏതെങ്കിലും കാരണ വശാൽ പൊതു അവധി പ്രഖ്യാപിക്കുകയാണെങ്കിലും പരീക്ഷ ക്രമപ്രകാരം യാതൊരു മാറ്റവും കൂടാതെ നടത്തുന്നതാണ്. പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറിയുടെ ഉത്തരവ് ഇല്ലാതെ പരീക്ഷ മാറ്റിവയ്ക്കുവാൻ പാടുള്ളതല്ല.

പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് ഈ വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്.

**(ഒപ്പ്)**
**ശ്രീ ജോൺസ് വി. ജോൺ**
**പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറി**